# സിറ്റിസൺ അസിസ്റ്റൻറ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

21/11/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി - 2 ന്റെ യോഗമിനിറ്റ്സ്

**ഉപ ജില്ലാ അദാലത്ത് സമിതി അംഗങ്ങൾ**

1. ശ്രീ.രമേഷ് കെ എസ്,അസിസ്റ്റന്റ് ഡയറക്ടർ (കൺവീനർ), ഉപജില്ലാ അദാലത്ത് സമിതി-2)
2. ശ്രീമതി.ബിന്ദു.എസ്.കരുണാകരൻ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്)
3. ശ്രീ.സുനിൽ കുമാർ, അസി.ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി

**പരിഗണിച്ച വിഷയം** - നിലവിലുള്ള നിരക്കിനേക്കാൾ അധികമായി ഒടുക്കുവരുത്തിയ കെട്ടിടനിർമ്മാണ ക്രമവൽക്കരണ ഫീസ് തിരികെ ലഭ്യമാക്കണമെന്ന ശ്രീ.അനിൽ വർഗ്ഗീസ്,കളീക്കൽ വീട്,തോന്ന്യാമല എന്നയാളുടെ അപേക്ഷ.പ്രസ്തുത വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്ഥിരം അദാലത്ത് സമിതിയുടെ പരിഗണനയിലുൾപ്പെട്ടതല്ല. 10/04/2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക് പ്രകാരം പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/സ്ക്രൂട്ടിനി ഫീസ്/ക്രമവൽക്കരണഫീസ് അടവാക്കിയവർക്ക് സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ തീയതി 30/07/2024 പ്രകാരം പുതുക്കി നിശ്ചയിച്ച നിരക്കിനേക്കാൾ അധികമായി ഒടുക്കുവരുത്തിയ തുക തിരികെ നൽകുന്നതിന് ടി ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്.അപേക്ഷകർക്ക് അവർ അധികമായി അടവാക്കിയ തുക തിരികെ ആവശ്യപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ ILGMS ൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്.ആയതുപ്രകാരം ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**അദാലത്ത് തീർപ്പ്** - പ്രസ്തുത വിഷയം ഉപജില്ലാ അദാലത്ത് സമിതിയുടെ പരിഗണനയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല.ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നു.

**കൺവീനർ**
**ഉപജില്ലാ അദാലത്ത് സമിതി - 2**
**പത്തനംതിട്ട**